# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 12, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ധനകാര്യവും കയറും വകുപ്പുമന്ത്രി

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി

വൈദ്യുതി വകുപ്പുമന്ത്രി

സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി

### കേരള ബാങ്കിന് അന്യസംസ്ഥാന ശാഖകൾ

*181. ശ്രീ.കെ.എം.ഷാജി

,, അബ്ദുൽ ഹമീദ് പി.

,, എൻ. ഷംസുദ്ദീൻ

,, എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് അന്യസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരള സഹകരണ സംഘം നിയമം അനുസരിച്ച് കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് അന്യസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങാൻ അനുമതിയുണ്ടോ;

(സി) കേരള ബാങ്കിന് അന്യസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങുന്നുവെങ്കിൽ ആയത് ഏത് നിയമപ്രകാരമാണെന്ന് വെളിപ്പെടുത്താമോ?

### ക്രൂസ് ടൂറിസത്തിന്റെ വികസനം

*182. ശ്രീമതി യു. പ്രതിഭ

ശ്രീ.ജോൺ ഫെർണാണ്ടസ്

,, വി. അബ്ദുറഹിമാൻ

പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലും വടക്കൻ ജില്ലകളിലും ക്രൂസ് ടൂറിസത്തിന്റെ സാധ്യത കണക്കിലെടുത്ത് പ്രസ്തുത ടൂറിസത്തിന്റെ പ്രോത്സാഹനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഉത്തര മലബാറിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(സി) ആലപ്പുഴയിൽ വിനോദസഞ്ചാരികളുമായി പോയ ഹൗസ് ബോട്ടിന് തീപിടിക്കാനിടയായ പശ്ചാത്തലത്തിൽ ഹൗസ് ബോട്ടുകളുടെ ലൈസൻസ് സംബന്ധിച്ച പരിശോധനയ്ക്കും അവയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും കർശന നടപടികൾ സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തെ വള്ളംകളികളെ ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ക്വാറികളുടെ പ്രവർത്തനം</u>

*183. ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ.ഇ.കെ.വിജയൻ
,, എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറികളുടെ പ്രവർത്തനം മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും മറ്റ് പ്രകൃതിദുരന്തങ്ങൾക്കും കാരണമാകുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ക്വാറികളുടെ പ്രവർത്തനം പശ്ചിമഘട്ടത്തിൽ വിള്ളലുകൾ, ഉരുൾപൊട്ടൽ, പുഴ വഴിമാറി ഒഴുകൽ എന്നിവയ്ക്ക് കാരണമാകുന്നു എന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിലവിൽ ക്വാറികൾ അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനധികൃത ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനങ്ങൾ</u>

*184. ശ്രീ.എസ്.രാജേന്ദ്രൻ
,, സജി ചെറിയാൻ
,, കെ.സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുള്ള പശ്ചാത്തലത്തിൽ വ്യവസായ പ്രോത്സാഹന ഏജൻസിയായ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസനത്തിന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ടോ; രണ്ടാം ഘട്ടത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ;

(സി) ചേർത്തല മെഗാ ഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായിട്ടുണ്ടോ;

അനുബന്ധ വ്യവസായശാലകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) റബ്ബർ കർഷകർക്ക് ഏറെ പ്രതീക്ഷയേകുന്ന സിയാൽ മോഡൽ റബ്ബർ കമ്പനി സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

സംസ്ഥാനത്തിന്റെ പൊതുകടം

*185. ശ്രീ.ജി.എസ്.ജയലാൽ

,, ചിറ്റയം ഗോപകുമാർ

,, ആർ. രാമചന്ദ്രൻ

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) വാർഷിക വികസന പദ്ധതികൾക്ക് വേണ്ടി പൊതുകടം എടുക്കുന്നതിന് പകരം നിത്യനിദാന ചെലവുകൾ നേരിടുന്നതിന് വേണ്ടി കടമെടുക്കുന്നത് സാമ്പത്തികമായി ആശങ്കയുളവാക്കുന്ന സ്ഥിതിവിശേഷമല്ലേയെന്നും ആയത് ആരോഗ്യകരമായ ഒന്നാണോയെന്നും പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാർ 2019-ൽ എടുത്ത വായ്പകൾ സംബന്ധിച്ചും അവ ഏതൊക്കെ വിധത്തിൽ ഉപയോഗിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിന്റെയും അവയുടെ പലിശ നിരക്കിന്റെയും ക്രമീകരണം സംബന്ധിച്ചും മുൻവായ്പകളുടെയും മുൻവായ്പാ പലിശയുടെയും സർവ്വീസിംഗും തിരിച്ചടവും സംബന്ധിച്ച് ക്രമീകരണങ്ങൾ ഏത് വിധത്തിലാണ് നിർവ്വഹിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ വളർച്ചാനിരക്ക് കുറയ്ക്കുന്നതിനും പൊതുകടം ആരോഗ്യകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കേന്ദ്രവായ്പയും ഗ്രാന്റും വെട്ടിക്കുറച്ച നടപടി

*186. ശ്രീ.കെ. ബാബു

ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.വി. കെ. സി. മമ്മത് കോയ

,, ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതികളിൽ വിഹിതം കുറച്ച് സംസ്ഥാനത്തിന്റെ ചെലവുകൾ വർദ്ധിപ്പിക്കുകയും അതേസമയം തന്നെ വരുമാനം കുറയ്ക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നടപടികൾ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കണമെന്ന് കാണിച്ച് കേന്ദ്രസർക്കാരിന് നിവേദനം നൽകിയിരുന്നോ; അതിൽ ഏതെല്ലാം പദ്ധതികൾ കേന്ദ്രബജറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്;

(ബി) സംസ്ഥാന സർക്കാരിന്റെ വരുമാന സ്രോതസ്സുകളിൽ പ്രധാനമായവയിൽ ഒന്നായ കേന്ദ്രവായ്പയും

ഗ്രാന്റും വെട്ടിക്കുറച്ചത് സൃഷ്ടിച്ച പ്രതിസന്ധി ഘട്ടത്തിലും സാമൂഹ്യ സുരക്ഷ, ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്ത് പാവപ്പെട്ടവരുടെ താല്പര്യം പരിരക്ഷിക്കാൻ നടപടിയെടുത്തിരുന്നോ;

(സി) ദീർഘകാലമായിട്ടും ജി.എസ്.ടി. നെറ്റ് വർക്ക് കാര്യക്ഷമമാക്കാൻ സാധിക്കാത്തത് വ്യാപാരികൾക്ക് ജി.എസ്.ടി. വാർഷിക റിട്ടേൺ സമർപ്പിക്കാൻ കഴിയാതെ പോകുന്നതിന് കാരണമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നികുതി നിർണ്ണയവും പരിശോധനയും അസാധ്യമാക്കുന്ന സ്ഥിതിക്ക് അടിയന്തരമായി പരിഹാരം കാണാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

<u>പ്രാഥമിക സഹകരണ സംഘങ്ങൾക്കുമേലുള്ള നിയന്ത്രണം</u>

*187. ശ്രീ.അനിൽ അക്കര

,, അനൂപ് ജേക്കബ്

,, ഷാഫി പറമ്പിൽ

,, പി.ടി. തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകുന്ന ഉയർന്ന പലിശ നിരക്ക് കുറയ്ക്കുന്ന സാഹചര്യമുണ്ടാകുമോ;

(ബി) നിലവിൽ സഹകരണ സംഘങ്ങൾ സ്ഥിരനിക്ഷേപങ്ങൾക്ക് എത്ര ശതമാനം പലിശയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേരള ബാങ്കിന് റിസർവ് ബാങ്ക് ലൈസൻസ് ലഭിക്കുന്നതിലൂടെ അതിലെ ഘടകമായ പ്രാഥമിക സഹകരണ സംഘങ്ങളിലും റിസർവ് ബാങ്കിന്റെ നിയന്ത്രണം ഉണ്ടാകുവാൻ സാധ്യതയുണ്ടോ;

(ഡി) കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതോടെ പ്രാഥമിക സംഘങ്ങൾക്ക് ബാങ്ക് എന്ന പേര് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടാകുമോ എന്നറിയിക്കാമോ?

<u>കയർ വ്യവസായരംഗത്തെ രണ്ടാം പുന**:**സംഘടന</u>

*188. ശ്രീ.ബി.സത്യൻ

,, കെ. ദാസൻ

,, ആർ. രാജേഷ്

,, എൻ. വിജയൻ പിള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം കയർ ഉൽപാദനത്തിൽ മൂന്നു മടങ്ങോളം വർദ്ധനവ് സൃഷ്ടിക്കാൻ സാധിക്കുന്ന തരത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് തകർന്നടിഞ്ഞിരുന്നതായി ആക്ഷേപമുള്ള കയർ വ്യവസായരംഗത്ത് ആധുനികീകരണത്തിലൂടെ പരമ്പരാഗതമായി ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരെ സംരക്ഷിച്ചുകൊണ്ട് നടത്തിയ രണ്ടാം പുന:സംഘടനയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണി വിപുലീകരിക്കുന്നതിനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

*189. ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, വി.കെ.പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിൽ ചേരുന്നവർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രവാസി ചിട്ടിയിൽ കൂടുതൽ ആളുകളെ ചേർക്കുന്നതിന് കെ.എസ്.എഫ്.ഇ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പ്രവാസി ചിട്ടി പ്രചരണത്തിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. 'പ്രവാസി ഗ്രാൻഡ് ഡേ' എന്ന പരിപാടി നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ?

## കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണന പ്രവർത്തനങ്ങൾ

*190. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, ജോൺ ഫെർണാണ്ടസ്

ശ്രീമതി യു. പ്രതിഭ

ശ്രീ.കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജനപ്രിയമാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കയർ മേഖലയിൽ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് കയർ സഹകരണ സംഘങ്ങൾ വഹിക്കുന്ന പങ്ക് പരിഗണിച്ച് അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും പ്രദർശനത്തിനും വില്പനയ്ക്കുമായി സർക്കാർ നടത്തിവരുന്ന മേളകൾ ഏതെല്ലാമാണ്;

(ഡി) കയർ വികസന വകുപ്പ് നടത്തിയ അന്താരാഷ്ട്ര സംരംഭമായ 'കയർ കേരള' ഈ മേഖലയിൽ ഉണ്ടാക്കിയ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഹൈഡൽ ടൂറിസം പദ്ധതി

*191. ശ്രീ.രാജു എബ്രഹാം

,, കെ. ബാബു

,, ബി.ഡി. ദേവസ്സി

,, കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളും അവയോടനുബന്ധിച്ചുള്ള പ്രദേശങ്ങളും വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്നവയായതിനാൽ അവ കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഡാമുകൾ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വിനോദസഞ്ചാരികളെ ഹൈഡൽ ടൂറിസത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനായി ഡാമുകളോട് ചേർന്ന് പരിസ്ഥിതി സൗഹൃദ പാർക്കുകളും പൂന്തോട്ടങ്ങളും ബോട്ടിംഗും സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ?

നെൽകൃഷി പ്രോത്സാഹനത്തിന് സഹകരണ മേഖലയുടെ സഹായങ്ങൾ

*192. ശ്രീ.ചിറ്റയം ഗോപകുമാർ

,, മുല്ലക്കര രത്നാകരൻ

,, ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽ കർഷകരെ സഹായിക്കുന്നതിനുമായി സഹകരണ മേഖല എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശരഹിത വായ്പ നൽകുന്നുണ്ടോ; ഈ സ്ഥാപനങ്ങൾ നെൽകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നുണ്ടോ;

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കാർഷിക സ്വർണ്ണപ്പണയ വായ്പകൾ ദേശസാത്കൃത ബാങ്കുകൾ വിതരണം ചെയ്യുന്നതുപോലെ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി ചാർജ്ജ് കടിശ്ശിക

*193. ഡോ.എം. കെ. മുനീർ

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കഴിഞ്ഞ വർഷത്തെ നഷ്ടത്തേക്കാൾ കൂടിയ തുക വൻകിടക്കാരിൽ നിന്നും കടിശ്ശികയായി പിരിച്ചെടുക്കാനുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാതെ ഈ തുക കർശനമായി പിരിച്ചെടുക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൈത്തറി മേഖലയുടെ സമഗ്രപുരോഗതിക്ക് നടപടി

*194. ശ്രീ.ജോർജ് എം. തോമസ്

,, കെ. ആൻസലൻ

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയുടെ സമഗ്രപുരോഗതിയും കൈത്തറി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും കൈത്തറി വിപണി വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്;

(സി) കൈത്തറി സഹകരണസംഘങ്ങളെ ശക്തീകരിക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കൈത്തറി മേഖലയിലെ തൊഴിൽ വൈദഗ്ധ്യം, അറിവ് , സാങ്കേതികത എന്നിവ മെച്ചപ്പെടുത്തുന്നതിനും കൈത്തറി ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ജി.എസ്.ടി. നഷ്ടപരിഹാര തുക

*195. ശ്രീ.ഷാഫി പറമ്പിൽ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, സണ്ണി ജോസഫ്

,, വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം നൽകുവാനുള്ള തുക നൽകാത്തതുമൂലം സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ;

(ബി) ജി.എസ്.ടി. വരുമാനം വർദ്ധിക്കാത്തത് മൂലമാണ് നഷ്ടപരിഹാരതുക സമയബന്ധിതമായി കേന്ദ്രം കൈമാറാത്തത് എന്നത് വസ്തുതയാണോ;

(സി) നിലവിൽ എത്ര മാസത്തെ ജി.എസ്.ടി. നഷ്ടപരിഹാര കുടിശ്ശികയാണ് കേന്ദ്രം നൽകുവാനുള്ളത്; ഇത് എത്ര കോടി രൂപ വരും; വ്യക്തമാക്കുമോ;

(ഡി) 2019-ൽ ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് നൽകിയത്; വിശദമാക്കാമോ?

<u>ഊർജ്ജമേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

*196. ശ്രീ.വി. കെ. സി. മമ്മത് കോയ

,, പി.വി. അൻവർ

,, യു. ആർ. പ്രദീപ്

,, എം. നൗഷാദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജമേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഗ്രാമീണ മേഖലയിലെ വൈദ്യുതി വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനും ആവിഷ്കരിച്ച ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം എത്ര കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രളയത്തിൽ വൈദ്യുതി കണക്ഷൻ തകരാറിലായ വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് സൗഭാഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) നഗര പ്രദേശങ്ങളിലെ പ്രസരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

*197. ശ്രീ.കെ. ആൻസലൻ

,, ജെയിംസ് മാത്യു

,, കാരാട്ട് റസാഖ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ആകെയെടുത്താൽ നഷ്ടത്തിലായിരുന്ന സ്ഥാനത്ത് ഇപ്പോൾ ആകെ പ്രവർത്തന ലാഭം നേടാനായിട്ടുണ്ടോ; ആകെ വിറ്റുവരവിൽ എത്ര നേട്ടം കൈവരിക്കാനായി; എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപുലീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; തത്ഫലമായി എത്ര

സ്ഥാപനങ്ങൾ ലാഭത്തിലാകുകയോ നഷ്ടം കുറയ്ക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഭാവി വാഹനമായ ഇലക്ട്രിക് വാഹന നിർമ്മാണ രംഗത്ത് പ്രാപ്തി നേടാൻ കേരള ഓട്ടോമൊബൈൽസിന് സാധ്യമായിട്ടുണ്ടോ; 'നീം ജി' ആവശ്യാനുസരണം നിർമ്മിക്കാൻ കഴിയുന്ന വിധത്തിൽ സ്ഥാപനത്തെ ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോ?

<u>ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷൻ</u>

*198. ശ്രീ.വി.ആർ. സുനിൽ കുമാർ

,, സി. ദിവാകരൻ

ശ്രീമതി ഇ.എസ്.ബിജിമോൾ

,, ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-മൊബിലിറ്റി പ്രചരിപ്പിക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കുന്നതിന് കെ.എസ്.ഇ.ബി.യെ സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നതെന്നും അതിന് മാനദണ്ഡമാക്കുന്ന ദൂരപരിധിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

<u>വ്യവസായ സൗഹൃദ സംസ്ഥാനം</u>

*199. ശ്രീ.കെ.എൻ.എ ഖാദർ

,, എം. സി. കമറുദ്ദീൻ

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ റാങ്കിംഗിൽ 21-ാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനത്തെ മുൻനിരയിൽ എത്തിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിൽ എത്ര വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരവാദിത്ത ടൂറിസം പദ്ധതി</u>

*200. ശ്രീ.വി. ജോയി

,, റ്റി.വി.രാജേഷ്

,, ഒ. ആർ. കേളു

,, എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതും പ്രദേശവാസികളിലേക്ക് വിനോദസഞ്ചാരത്തിന്റെ സദ്ഫലങ്ങൾ എത്തിക്കുന്ന രീതിയിൽ ആവിഷ്കരിച്ചിട്ടുള്ളതുമായ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ എത്രപേർക്ക് പ്രയോജനം ലഭ്യമാകുന്നുവെന്നതിന്റെ കണക്ക് നൽകാമോ; എത്ര ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പദ്ധതി വിപുലപ്പെടുത്തുന്നതിനായി സർക്കാർ ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; ഉത്തരവാദിത്ത ടൂറിസം രംഗത്തെ പ്രവർത്തനത്തിന് എന്തൊക്കെ അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്;

(സി) വിനോദസഞ്ചാരകേന്ദ്രങ്ങളുടെ ശുചിത്വവും വിനോദസഞ്ചാരികളുടെ സുരക്ഷിതത്വവും ഉറപ്പ വരുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് അറിയിക്കാമോ?

<u>കായികക്ഷമതാ മിഷൻ</u>

*201. ശ്രീ.യു. ആർ. പ്രദീപ്

,, എ. പ്രദീപ്കുമാർ

,, വി.കെ.പ്രശാന്ത്

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും മികച്ച കായികക്ഷമതയും നല്ല ആരോഗ്യവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന കായികക്ഷമതാ മിഷന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സ്കൂൾ കായികമേളയിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് പരിശീലനം നൽകി അവരെ ഭാവി കായികതാരങ്ങളായി വളർത്തിയെടുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പുതിയ സ്പോർട്സ് സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും നിലവിലുള്ളവയുടെ നിലവാരത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) കായിക പരിശീലനത്തിനായി പുതിയ അക്കാദമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഊർജ്ജസംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ</u>

*202. ശ്രീ.എം. മുകേഷ്

,, എം. സ്വരാജ്

,, പി.ടി.എ. റഹീം

,, കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജസംരക്ഷണം ഉറപ്പ് വരുത്തുന്നതിനും ഊർജ്ജക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വീടുകൾ, വ്യവസായ-വാണിജ്യസ്ഥാപനങ്ങൾ, ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിർമ്മിക്കപ്പെടുന്ന എല്ലാ കെട്ടിടങ്ങൾക്കും ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് (ഇ.സി.ബി.സി.) ബാധകമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) മേൽനോട്ട, നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് എല്ലാ മേഖലകളിലും ഊർജ്ജ ഓഡിറ്റിംഗ് ഘട്ടംഘട്ടമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഊർജ്ജസംരക്ഷണം സംബന്ധിച്ചും വൈദ്യുതിയുടെ കാര്യക്ഷമമായ ഉപയോഗം സംബന്ധിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി വിതരണരംഗത്തെ പ്രവർത്തന പുരോഗതി

*203. ശ്രീ.ബി.ഡി. ദേവസ്സി

,, ഐ.ബി. സതീഷ്

,, ആന്റണി ജോൺ

,, കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോഡ് ഷെഡിംഗും പവർകട്ടും ഒഴിവാക്കുന്നതിനും സദാസമയം ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും ഈ സർക്കാർ നടത്തിയ പ്രവർത്തനം വിജയകരമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മുടങ്ങി കിടന്നിരുന്ന ഇടമൺ കൊച്ചി പവർ ഹൈവേ യാഥാർത്ഥ്യമാക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളും പദ്ധതി കൊണ്ടുള്ള നേട്ടങ്ങളും വിശദമാക്കാമോ; ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായ പുഗലൂർ-തൃശ്ശൂർ പ്രസരണ ലൈനിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനുള്ള പ്രവർത്തനത്തിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ?

## പുതിയ അണക്കെട്ടുകൾ നിർമ്മിക്കുവാനുള്ള സാധ്യതാപഠനം

*204. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജലകമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിനായി സംഭരണശേഷി കൂടിയ ഡാമുകളുടെ ആവശ്യകത കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൂടുതൽ അണക്കെട്ടുകൾ നിർമ്മിക്കുവാനുള്ള

സാധ്യതാപഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എവിടെയൊക്കെ പുതിയ ഡാമുകൾ നിർമ്മിക്കാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; അതിന്മേലുള്ള മേൽനടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ഡി) പുതിയ ഡാമുകൾ നിർമ്മിക്കുമ്പോൾ പരിസ്ഥിതിക്ക് കടുത്ത ആഘാതം ഉണ്ടാക്കുന്നില്ലായെന്ന കാര്യം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>അന്യസംസ്ഥാന ലോട്ടറികളുടെ കടന്നുകയറ്റം</u>

*205. ശ്രീ.ടി.എ.അഹമ്മദ് കബീർ

,, എം.ഉമ്മർ

,, പാറക്കൽ അബ്ദുല്ല

,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിൽ ലോട്ടറിക്ക് 28 ശതമാനം നികുതി നിരക്ക് ബാധകമാക്കിയത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന ലോട്ടറികളുടെ കടന്നുകയറ്റം എങ്ങനെ നിയന്ത്രിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>കൈത്തറി മേഖലയിലെ നൂതന പദ്ധതികൾ</u>

*206. ശ്രീ.സി.കെ. ഹരീന്ദ്രൻ

,, സി.കൃഷ്ണൻ

,, പി. ഉണ്ണി

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് യുവ-വീവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം പുതിയ തറി വാങ്ങുന്നതിന് സർക്കാർ എത്ര തുകയാണ് നൽകുന്നതെന്ന് അറിയിയ്ക്കാമോ;

(ഡി) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ഹാൻടെക്സ് മുഖേന നടപ്പിലാക്കി വരുന്ന കൈത്തറി സുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

<u>ചരക്ക് സേവന നികുതി</u>

*207. ശ്രീ.ടി.ജെ. വിനോദ്

,, സണ്ണി ജോസഫ്

,, പി.ടി. തോമസ്

,, വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന നികുതി വകുപ്പിൽ മൊത്തം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം ഓരോ വർഷവും ലഭിച്ച വരുമാനവും വർദ്ധനവും വ്യക്തമാക്കുമോ;

(സി) ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ ഇതിനെക്കാൾ ഉയർന്ന നികുതി വരുമാനം പ്രതീക്ഷിച്ചിരുന്നോ; എങ്കിൽ ഓരോ വർഷവും പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതീക്ഷിച്ച നികുതി വരുമാന വർദ്ധനവ് ലഭിക്കാതിരുന്നത് നികുതി വകുപ്പിന്റെ വീഴ്ച മൂലമാണെന്ന് വിലയിരുത്തുന്നുണ്ടോ?

<u>കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ</u>

*208. ശ്രീ.ടി. വി. ഇബ്രാഹിം

,, മഞ്ഞളാംകുഴി അലി

,, പി.ഉബൈദുള്ള

,, അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി പ്രവാസി നിക്ഷേപം തിരിച്ചു നൽകാൻ ജില്ലാസഹകരണ ബാങ്കുകൾക്ക് ആർ.ബി.ഐ. നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ ഒരു ദിവസം സൂക്ഷിക്കാവുന്ന പണത്തിന്റെ പരിധി കുറച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഈ നിയന്ത്രണങ്ങൾ മൂലം ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>സംസ്ഥാനത്തിന്റെ വികസനത്തിൽ കേരളബാങ്കിനുള്ള പങ്ക്</u>

*209. ശ്രീ.അനൂപ് ജേക്കബ്

,, സണ്ണി ജോസഫ്

,, അനിൽ അക്കര

,, എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നാനാമുഖമായ വികസനത്തിൽ കേരളബാങ്കിന് മുഖ്യ പങ്ക് വഹിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങളിൽ സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും കാര്യമായ പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ സാധിച്ചിരുന്നില്ലെന്നതുകൊണ്ടാണോ അവ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുവാൻ തീരുമാനിച്ചത്;

(സി) സംസ്ഥാനത്ത് നിലനിന്നിരുന്ന ത്രീ ടയർ സിസ്റ്റം ഉപേക്ഷിച്ച് ടൂ ടയർ സിസ്റ്റത്തിലേക്ക് നീങ്ങുന്നത് സഹകരണ മേഖലക്ക് എപ്രകാരം ഗുണകരമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്ക് നിലവിൽ വരുന്നതോടെ കാർഷിക വായ്പകൾ നിലവിലുള്ളതിനെക്കാൾ കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് നൽകുന്നതിന് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വിശദമാക്കാമോ?

## <u>അസെൻഡ് - 2020</u>

*210. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസെൻഡ് - 2020 വ്യവസായ സംഗമത്തിന്റെ ഫലമായി സംസ്ഥാനത്ത് ഇതുവരെ എത്ര പുതിയ സംരംഭകർ വ്യവസായം തുടങ്ങുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ;

(സി) ഇത്തരക്കാർ ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് മുൻഗണന നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, | എസ് വി ഉണ്ണികൃഷ്ണൻ നായർ,
തിരുവനന്തപുരം, | സെക്രട്ടറി,
03-02-2020

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].